# Desabhimani
# 17 July 2018
# Kochi, Continuous Rain, Flooded Area

# തോരാത്ത ദുരിതപെയ്ത്ത്

**കൊച്ചി**

കനത്ത മഴയിലും കാറ്റിലും മരങ്ങൾ മറിഞ്ഞുവീണ് നഗരത്തിൽ ഗതാഗത തടസ്സമുണ്ടായി. കടവന്ത്ര കല്ലുപാലം, പനമ്പിള്ളി നഗർ, എളമക്കര പൊലീസ് സ്റ്റേഷന് സമീപം, പനമ്പിള്ളി നഗർ സെവൻത് ക്രോസ് റോഡ്, പാലാരിവട്ടം കളവത്ത് റോഡ്, ജഡ്ജസ് അവന്യൂ, ഇടപ്പള്ളി ബക്കർ ലെയ്ൻ, കുണ്ടന്നൂർ, നെട്ടൂർ എന്നിവിടങ്ങളിലാണ് മരം വീണത്. ഗാന്ധിനഗർ അഗ്നിശമന സേനാംഗങ്ങളെത്തി മരങ്ങൾ മുറിച്ചുമാറ്റി. വീടുകളിൽ വെള്ളം കയറിയത് മോട്ടോർ പമ്പ് ഉപയോഗിച്ച് വറ്റിച്ചു.

മാമംഗലം സ്വദേശി മധുസൂദനകർത്ത, തമ്മനം സ്വദേശി ശോഭ എന്നിവരുടെ വീടുകളിൽ നിന്നാണ് വെള്ളം വറ്റിച്ചത്. കലൂർ അശോക റോഡിൽ പ്രവർത്തിച്ചിരുന്ന വർക്ക്ഷോപ്പിന്റെ മേൽക്കൂര തകർന്നുവീണ് തൊഴിലാളികൾക്ക് നിസാര പരിക്കേറ്റു. ഇവരെ ആശുപത്രിയിലെത്തിച്ചു. മണപ്പാട്ടിപ്പറമ്പിൽ റോഡിൽ പരന്ന ഡീസൽ അഗ്നിശമന സേനയെത്തി മാറ്റി.

വടുതലയിൽ ഞായറാഴ്ച രാത്രി ആഞ്ഞടിച്ച ചുഴലിക്കാറ്റിൽ മരങ്ങൾ കടപുഴകിവീണു. വടുതല മാളിയേക്കൽ വീട്ടിൽ എം പി രാജുവിന്റെ വീടിനു സമീപം നിന്ന നാല് അടയ്ക്കാമരങ്ങൾ കടപുഴകി വീടിനുമുകളിൽ വീണു. വീടിന്റെ ഓടുകൾ നാശിച്ചു. വടുതല പുഷ്പക റോഡിൽ ഇലക്ട്രിക് പോസ്റ്റ് മറിഞ്ഞുവീണ് വൈദ്യുതി തകരാറിലായി. പകൽ ഇലക്ട്രിസിറ്റി ജീവനക്കാരെത്തി ഇലക്ട്രിക് പോസ്റ്റ് സ്ഥാപിച്ച് വൈദ്യുതി പുനഃസ്ഥാപിച്ചു. പോപ്പുലർ റോഡിലും മരം വീണ് ഗതാഗതം തടസ്സപ്പെട്ടു.

സിപിഐ എം ലോക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തി.

**മട്ടാഞ്ചേരി**

കനത്ത മഴയിൽ പശ്ചിമ കൊച്ചിയിലെ ജനജീവിതം സ്തംഭിച്ചു. റോഡുകളിലും വീടുകളിലും വെള്ളം നിറഞ്ഞതോടെ ദുരിതപെയ്ത്തിൽ ജനം വലഞ്ഞു. ഞായറാഴ്ച മുഴുവൻ നിർത്താതെ പെയ്ത മഴയും തിങ്കളാഴ്ച പുലർച്ചെ മുതൽ പെയ്ത മഴയിലും പശ്ചിമ കൊച്ചി ഇന്നോളം കാണാത്ത രീതിയിലുള്ള വെള്ളക്കെട്ടാണ് അനുഭവപ്പെട്ടത്.

കരിപ്പാലം, കൂവപ്പാടം, ചെറളായി, അമരാവതി, ചുള്ളിക്കൽ, സ്റ്റാച്ച്യു, മാനാശേരി എന്നിവിടങ്ങളിൽ വെള്ളക്കെട്ട് രൂക്ഷമായി. മട്ടാഞ്ചേരി തിരുമല അമ്പലത്തിന്റെ ആറാട്ടുകുളം നിറഞ്ഞു കവിഞ്ഞ് റോഡിലേക്കൊഴുകി. പള്ളിയറക്കാവ്, പഴയന്നൂർ ക്ഷേത്രങ്ങളിലും വെള്ളക്കെട്ടിൽ ബുദ്ധിമുട്ടി. മൂലങ്കുഴി വട്ടമാക്കൽ പ്രദേശമാക്കെ വെള്ളത്തിലായി. തുരുത്തി കോളനി, രാമേശ്വരം കോളനി എന്നിവിടങ്ങളിൽ വീടുകളിൽ വെള്ളം കയറിയതിനു പുറമേ ജീർണാവസ്ഥയിലായ കെട്ടിടങ്ങളിലുണ്ടായ ചോർച്ചയും ദുരിതമായി. ഇടവഴികളെല്ലാം വെള്ളം നിറഞ്ഞതോടെ വീടുകളിൽനിന്ന് പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥയിലായി. പ്രധാന റോഡുകളിലെല്ലാം വെള്ളം നിറഞ്ഞതോടെ വാഹനഗതാഗതം തടസ്സപ്പെട്ടു. പല വാഹനങ്ങളും വെള്ളക്കെട്ടിൽ അമർന്ന് തകരാറിലായതോടെ രൂക്ഷമായ ഗതാഗതക്കുരുക്കും അനുഭവപ്പെട്ടു. തോടുകളും കാനകളും നിറഞ്ഞതോടെ മാലിന്യങ്ങളും പുറത്തേക്കൊഴുകി. ഇത് വീടുകളിലേക്ക് കയറിയതോടെ സാംക്രമിക രോഗങ്ങൾ പടരുമോയെന്ന ആശങ്കയും നിലനിൽക്കുന്നുണ്ട്. കൊച്ചിൻ കോളേജിനു സമീപത്തെ പാട്ടത്തുപറമ്പിൽ സമീപത്തെ തോട് കവിഞ്ഞൊഴുകിയത് ദുരിതത്തിനിടയാക്കി. ഇവിടത്തെ മാലിന്യങ്ങൾ വീടുകളിൽ കയറി. രാമേശ്വരം കോളനിയിലെ മുഴുവൻ വീടുകളിലും വെള്ളം കയറി.



സൗത്ത് റെയിൽവേസ്റ്റേഷൻ ട്രാക്കിൽ വെള്ളം കയറിയപ്പോൾ



കുമ്പളങ്ങി വഴി–പെരുമ്പടപ്പ് പിഡബ്ല്യുഡി റോഡിലെ വെള്ളക്കെട്ട്



മട്ടാഞ്ചേരിയിൽ കടൽ തിരമാലകൾ അടിച്ച് നടപ്പാത തകർന്നപ്പോൾ

## വെള്ളക്കെട്ടിലായ പ്രദേശങ്ങളിൽ അടിയന്തര സഹായം എത്തിക്കണം

**കൊച്ചി**

കനത്ത മഴയെത്തുടർന്ന് വെള്ളക്കെട്ടിലായ കൊച്ചി നഗരസഭയിലെ 26-ാം ഡിവിഷനിലെ നസ്രത്ത് രാമേശ്വരം കോളനി, ഫിഷർമെൻ കോളനി, ആർകെ കോളനി, മിനി കോളനി, കളിയാംപാടം കോളനി എന്നീ പ്രദേശങ്ങൾക്ക് അടിയന്തര സഹായം എത്തിക്കണമെന്ന് നഗരസഭ പ്രതിപക്ഷനേതാവ് കെ ജെ ആന്റണി ആവശ്യപ്പെട്ടു.

വീടിനകത്ത് വെള്ളം കയറിയതിനാൽ പ്രാഥമികാവശ്യങ്ങൾപോലും നിർവഹിക്കാൻ ഇവർക്ക് നിവൃത്തിയില്ല. വീടുകളിലെ ഇലക്ട്രിക്, ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് കേടുപാടുകൾ വന്നിട്ടുണ്ട്. പലരും ബന്ധുവീടുകളിൽ അഭയംതേടിയിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ഇവർക്ക് അടിയന്തരസഹായം നൽകണമെന്നും കെ ജെ ആന്റണി പറഞ്ഞു.